# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1486/11/12/2023/ TVM**

പരാതികക്ഷി : അനിൽ വെൺകുളം, വാറുവിളാകം
ഇടവ, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി ഇടവ എം ആർ മുഹമ്മദ് കുഞ്ഞു മെമ്മോറിയൽ മുസ്ലീം ഹയർ സെക്കൻററി സ്കൂളിലെ പി.ടി.എ എക്സിക്യൂട്ടീവ് അംഗമാണെന്നും, സ്കൂളിലെ കുടിവെള്ള ഫിൽറ്റർ യൂണിറ്റിലേയ്ക്കുള്ള പൈപ്പ് ലൈനിലെ ടാപ്പ് ഒരു വിദ്യാർത്ഥി കേടാക്കിയതിനെ തുടർന്ന് 9 ദിവസത്തോളം വെള്ളമില്ലാതെ കുട്ടികൾ ബുദ്ധിമുട്ടിയതായും, ഇക്കാര്യത്തിൽ സ്കൂൾ അധികാരികൾ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും, ഇതിനു ഉത്തരവാദിയായ കുട്ടിയുടെ ചെലവിൽ പൈപ്പ് ശരിയാക്കി കിട്ടുന്നതുവരെ മനുഷ്യത്വമില്ലാതെ കുടിവെള്ളം നിഷേധിച്ച സ്കൂൾ അധികാരികൾക്കെതിരെ അന്വേഷണം വേണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇതു സംബന്ധിച്ച് പ്രഥമാദ്ധ്യാപികയോട് വിശദീകരണം ആവശ്യപ്പെടുകയും, ഒരു കുട്ടി കളിക്കുന്നതിനിടെ പൈപ്പ് ലൈൻ പൊട്ടാൻ ഇടയായതായും, അത് അപ്പോൾ തന്നെ പരിഹരിച്ച് കുട്ടികൾക്കാവശ്യമായ കുടിവെള്ളം ഉറപ്പാക്കുകയും ചെയ്തതായും, റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ പരിശോധിച്ചു. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ